# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 66

30.11.2015 ലെ മറുപടിക്ക്

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>**

| ചോദ്യം<br>**ശ്രീ. രാജു എബ്രഹാം**<br>**എം.എൽ.എ.** | | ഉത്തരം<br>**ശ്രീ. ഉമ്മൻ ചാണ്ടി**<br>**(ബഹു: മുഖ്യമന്ത്രി)** |
|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുകയാണ് ഇതേവരെ ലഭിച്ചിട്ടുള്ളത്; ഇതേവരെ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; ഇവരുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയായി (2015 നവംബർ 24 വരെ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ആകെ 664,03,40,089/-രൂപ (അറുനൂറ്റി അറുപത്തിനാല് കോടി മൂന്ന് ലക്ഷത്തി നാല്പതിനായിരത്തി എൺപത്തൊൻപത് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ഇതേവരെ (24.11.2015 വരെ) 651,23,18,033/-രൂപ(അറുനൂറ്റിഅൻപത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തി മൂന്ന് രൂപ മാത്രം) ധനസഹായ വിതരണത്തിന് ജില്ലാ കളക്ടർമാർക്കും മറ്റുമായി നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'എ' ആയി നൽകുന്നു. |
| ബി | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം അപേക്ഷകന് എത്തിക്കുന്നതിന് നിലവിൽ എന്തു സംവിധാനമാണ് ഉള്ളത്; അസുഖം ബാധിച്ച് പുറത്തിറങ്ങാൻ കഴിയാതെ വീടിനുള്ളിൽ മാത്രം കഴിയുന്ന രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എന്തു മാർഗ്ഗമെന്നു വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം രോഗികൾക്ക്ധനസഹായം നേരിട്ടെത്തിക്കാൻനടപടി സ്വീകരിക്കുമോ; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ മുഖേന അപേക്ഷകർക്ക് നൽകിവരുന്നു. അസുഖം ബാധിച്ച് പുറത്തിറങ്ങാൻ കഴിയാതെ വീടിനുള്ളിൽ മാത്രം കഴിയുന്ന രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | | |
|---|---|---|
| സി | ധനസഹായം കയ്യിൽ എത്താൻ താമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാ ക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യം മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും, സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തു പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

[signature]
സെക്ഷൻ ഓഫീസർ

അനുബന്ധം എ

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഈ സർക്കാർ അനുവദിച്ച തുകയുടെ വിവരം

| ക്രമ. നം | ജില്ല | അനുവദിച്ച തുക (രൂപ) (18.5.2011 മുതൽ 24.11.2015 വരെ) |
|---|---|---|
| 1 | തിരുവനന്തപുരം | 58,69,30,000 |
| 2 | കൊല്ലം | 51,35,48,000 |
| 3 | പത്തനംതിട്ട | 31,56,99,275 |
| 4 | ആലപ്പുഴ | 56,18,25,500 |
| 5 | കോട്ടയം | 51,48,79,150 |
| 6 | ഇടുക്കി | 37,96,59,300 |
| 7 | എറണാകുളം | 54,75,46,500 |
| 8 | തൃശ്ശൂർ | 46,86,15,500 |
| 9 | പാലക്കാട് | 35,82,69,000 |
| 10 | മലപ്പുറം | 57,60,45,500 |
| 11 | കോഴിക്കോട് | 32,09,35,000 |
| 12 | കണ്ണൂർ | 42,35,98,000 |
| 13 | വയനാട് | 22,09,89,000 |
| 14 | കാസർഗോഡ് | 32,45,35,000 |
| | മറ്റുള്ളവർ | 39,92,43,308 |
| | ആകെ | **651,23,18,033** |
| | (അറുനൂറ്റിഅൻപത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തി മൂന്ന് രൂപ മാത്രം) | |

P. Remu